# ഒരു പെൺകുട്ടിക്കു ഗ്രാമത്തിന്റെ പേരു നൽകുമ്പോൾ

പി. അനൂപ്



ഒരു പെൺകുട്ടിക്കു ഗ്രാമത്തിന്റെ പേരു നൽകുമ്പോൾ

പി. അനൂപ്

(മലയാളം: ലേഖനം)

© 2025, P Anoop

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The flower girl, a painting by Émile Munier (1840–1895). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഒരു പെൺകുട്ടിക്കു ഗ്രാമത്തിന്റെ പേരു നൽകുമ്പോൾ

ഗ്രാമത്തിന്റെ പേരിൽ വിളിക്കപ്പെടുന്ന ആ പെൺകുട്ടി ഒരു കുറ്റാരോപിതയല്ല. വാദിയും ഇരയുമാണ്. പക്ഷേ, ഒളിച്ചും പതുങ്ങിയും നടക്കേണ്ടി വരുന്നത് ഇവിടെ വാദിക്കാണ്. അവൾ ദിവസവുമെന്നതുപോലെ അപമാനിക്കപ്പെടുന്നു. സൂര്യനെല്ലിയിലെ ഒരു പെൺകുട്ടിയുടെ മാത്രം കഥയല്ല ഇത്. വിതുരയിലും കിളിരൂരും കവിയൂരും എല്ലാം ഇരകളാണ് അപമാനിതരായി തലകുനിച്ചതും ചിലർ ജീവനൊടുക്കിയതും മറ്റു ചിലരുടെ ജീവൻ എടുത്തതും.

സൂര്യനെല്ലിയിലെ പെൺകുട്ടി എന്ന വിശേഷിപ്പിക്കപ്പെട്ട ആ സ്കൂൾ വിദ്യാർത്ഥിനിയുടെ ദുരന്തജീവിതം ആരംഭിക്കുന്നത് 1996 ജനുവരി 16-ന് ആണ്. എല്ലാ തിങ്കളാഴ്ചയും പിതാവിനൊപ്പം സൂര്യനെല്ലിയിലെ വീട്ടിൽ നിന്ന് മൂന്നാറിലെ ലിറ്റിൽ ഫ്ളവർ ബോർഡിങ് സ്കൂളിലേക്ക് രാവിലെ വന്നിരുന്നതാണു പെൺകുട്ടി. പിതാവ് തപാൽ വകുപ്പിൽ ജീവനക്കാരൻ. പെൺകുട്ടി ഒൻപതാം ക്ളാസ് വിദ്യാർത്ഥിനി. അന്നു വൈകിട്ട് ബോർഡിങ്ങിൽ നിന്ന് വീട്ടിലേക്കു ഫോൺ വന്നു. കുട്ടി എത്തിയിട്ടില്ല എന്ന് അറിയിച്ചായിരുന്നു ഫോൺ. അന്നു തന്നെ പരിഭ്രാന്തനായി മൂന്നാറിൽ എത്തിയ പിതാവ് പൊലീസിൽ പരാതി നൽകി. ഒരു സ്വകാര്യ ബസ്സിലെ ക്ളീനർ രാജുവിന് പെൺകുട്ടിയുമായി അടുപ്പമുണ്ട് എന്നു ചിലർ നൽകിയ സൂചനയും പരാതിക്കൊപ്പം എഴുതി നൽകി.

പൊലീസ് പതിവുപോലെ അന്വേഷിച്ചതല്ലാതെ ഒന്നും കണ്ടെത്തിയില്ല. ഒരുമാസത്തിനു ശേഷം ഫെബ്രുവരി 16-ന് രാജു സ്റ്റേഷനിൽ ഹാജരായെങ്കിലും ഒന്നും അറിയില്ലെന്നാണു മൊഴി നൽകിയത്. പിതാവ് ആധിപിടിച്ചു നടക്കുന്നതിനിടെ ഫെബ്രുവരി 26-ന്, കാണാതായതിന്റെ നാൽപതാം ദിവസം, പെൺകുട്ടിയെ ആരോ പിതാവു ജോലി ചെയ്യുന്ന തപാൽ ഓഫിസിനു മുൻപിൽ ഇറക്കിവിട്ടു. കാണാതായ പെൺകുട്ടി ആയിരുന്നില്ല മടങ്ങിവന്നിരുന്നത്. ശരീരമാകെ വ്രണം നിറഞ്ഞും കടുത്ത രോഗങ്ങളിൽ വലഞ്ഞുമാണ് ആ പെൺകുട്ടി എത്തിയത്. ആ പെൺകുട്ടി പറഞ്ഞ 40 ദിവസത്തെ കഥകളാണ് പിന്നീട് സൂര്യനെല്ലി പീഡനകേസ് എന്ന് അറിയപ്പെട്ടത്.

കേസ് ഡയറിയിൽ നിന്ന്: ജനുവരി 16-ന് മൂന്നാറിൽ എത്തിയ പെൺകുട്ടിയെ രാജു സമീപിക്കുന്നു. മാസങ്ങളായി പിറകെ നടന്നിരുന്ന രാജുവുമായി പെൺകുട്ടി പ്രണയത്തിലായിരുന്നു. കൂടെ ചെല്ലാൻ നിർബന്ധിക്കുന്നു. വിസമ്മതിച്ചപ്പോൾ ഫോട്ടോയിൽ കൃത്രിമം കാണിച്ച് തപാൽ ഓഫിസിന്റെ ഭിത്തിയിൽ പതിക്കും എന്നു ഭീഷണിപ്പെടുത്തുന്നു. പെൺകുട്ടി രാജുവിനൊപ്പം കോതമംഗലത്തിനുള്ള ബസ്സിൽ കയറുന്നു. രാജു മറ്റൊരു സീറ്റിൽ ആയിരുന്നു. കോതമംഗലത്ത് എത്തിയപ്പോൾ രാജുവിനെ കാണാതായി. മൂന്നാർ മുതൽ പെൺകുട്ടിയുടെ ഒപ്പമിരുന്നു യാത്ര ചെയ്ത ഉഷ ഇടപെടുന്നു. സഹായിക്കാമെന്നും വീട്ടിൽ എത്തിക്കാമെന്നും അറിയിച്ച് കൂടെ കൂട്ടുന്നു. കൊണ്ടുപോയത് കോട്ടയത്തിന്. അവിടെ അഡ്വ. ധർമ്മരാജന് പെൺകുട്ടിയെ കൈമാറുന്നു. അന്നു കോട്ടയത്തുള്ള ലോഡ്ജിൽ വച്ച് ധർമ്മരാജൻ ആദ്യമായി ബലാൽസംഗം ചെയ്യുന്നു. ചെറുത്തുനിന്ന പെൺകുട്ടിയെ ക്രൂരമായി മർദ്ദിക്കുന്നു. പിറ്റേന്നു മുതൽ പല സ്ഥലങ്ങളിൽ യാത്ര. ഓരോ സ്ഥലത്തും നിരവധി പേർ ബലാൽസംഗം ചെയ്യുന്നു. മദ്യം കൊടുത്തും മയക്കുമരുന്നു കൊടുത്തുമായിരുന്നു പീഡനങ്ങളിൽ ഏറെയും. ഒടുവിൽ അവശയായ പെൺകുട്ടിയെ നാൽപതാം ദിവസം മൂന്നാറിൽ തിരികെ ഇറക്കി വിടുകയായിരുന്നു.

കേരളത്തിൽ പലയിടത്തും നടന്ന സ്ത്രീപീഡനങ്ങളിൽ നിന്ന് ഈ കേസ് വ്യത്യസ്തമായത് പെൺകുട്ടിയുടെ പിതാവു കാണിച്ച അസാമാന്യ ധീരതയിലൂടെയായിരുന്നു. അപമാനിക്കപ്പെടും എന്ന മുന്നറിയിപ്പുകൾ വകവയ്ക്കാതെ കേസ് നടപടികളുമായി മുന്നോട്ടുപോയി. സന്നദ്ധസംഘടനകൾ ഒപ്പം നിന്നു. ഒടുവിൽ പൊലീസിനും കേസ് അന്വേഷണം ഊർജ്ജിതമാക്കേണ്ടി വന്നു. ആദ്യം രാജുവും ഉഷയും പിടിയിലായി. ഒളിവിലായിരുന്ന ധർമ്മരാജനെ കർണാടകയിലെ ഒരു ഉൾപ്രദേശത്തു നിന്നു പിടികൂടി. പിന്നീടു പെൺകുട്ടിയെ പലഘട്ടങ്ങളിലായി ബലാൽസംഗം ചെയ്തവരുടെ പേരുകൾ പുറത്തുവന്നു. തെളിവെടുപ്പുകളിൽ ഓരോരുത്തരെ ആയി പെൺകുട്ടി തിരിച്ചറിഞ്ഞു. ഇവരിൽ പലരും ശിക്ഷിക്കപ്പെട്ടു. കോട്ടയം കോടതി വിധിച്ച ജീവപര്യന്തം ശിക്ഷ ആദ്യം ഹൈക്കോടതി അഞ്ചുവർഷമായി കുറച്ചു. പിന്നീട് നൽകിയ അപ്പീലിൽ ജീവപര്യന്തം ശിക്ഷ പുനഃസ്ഥാപിച്ചു.


പി ജെ കുര്യൻ

കേസ് രാഷ്ട്രീയമായി ശ്രദ്ധനേടിയത് പി ജെ കുര്യൻ എന്ന പേരു പെൺകുട്ടി പറഞ്ഞതിലൂടെയാണ്. വിചാരണക്കാലത്തു പത്രത്തിൽ അച്ചടിച്ചുവന്ന ചിത്രം കണ്ടാണ് കുര്യന്റെ പേരു പറയുന്നത്. നീണ്ട വിവാദങ്ങൾക്കൊടുവിൽ നിയമനടപടികൾ ആരംഭിച്ചു. കുര്യനെതിരേ കേസെടുക്കാൻ പ്രാഥമിക തെളിവുണ്ടെന്നു തൊടുപുഴയിലെ വിചാരണക്കോടതി കണ്ടെത്തി. എന്നാൽ ഹൈക്കോടതി ഇതു റദ്ദാക്കി. പെൺകുട്ടി പറഞ്ഞ ദിവസം കുര്യൻ തനിക്കൊപ്പം ചങ്ങനാശ്ശേരിയിലെ എൻ എസ് എസ് ആസ്ഥാനത്ത് ഉണ്ടായിരുന്നുവെന്നു പിന്നീട് ജനറൽ സെക്രട്ടറിയായ സുകുമാരൻ നായർ മൊഴി നൽകി.

കേസിന്റെ ആദ്യഘട്ടത്തിൽ വിധി പറഞ്ഞ ജസ്റ്റിസ് ബസന്ത് സ്വകാര്യ സംഭാഷണത്തിനിടയിൽ പെൺകുട്ടിയെ കുറിച്ചു നടത്തിയ പരാമർശങ്ങൾ പിന്നീടു വിവാദമായി. പെൺകുട്ടിക്ക് ഓടി രക്ഷപെടാമായിരുന്നില്ലേ എന്ന കോടതി പരാമർശം കടുത്ത സാമൂഹിക വിമർശനത്തിനും ഇടയാക്കി. സൂര്യനെല്ലിയിലെ പെൺകുട്ടി ഒറ്റപ്പെട്ട സംഭവമല്ല എന്ന തിരിച്ചറിവാണു പിന്നീടുള്ള കാലത്തു കേരളത്തിൽ ഉണ്ടായത്. വിതുരയിലും കിളിരൂരും കവിയൂരുമെല്ലാം പെൺകുട്ടികളെ സമാനമായ വിധത്തിൽ സമാനമായ സാഹചര്യങ്ങളിൽ മാഫിയകൾ വലയിലാക്കുകയായിരുന്നു. ഇതിലെല്ലാം പണവും പ്രശസ്തിയും ഉള്ള നിരവധി ആളുകളും ആരോപണവിധേയരായി. പക്ഷേ, ഒന്നിലും ഉന്നത നിലയിലുള്ള ആരും ഇതുവരെ ശിക്ഷിക്കപ്പെട്ടിട്ടില്ല.

□

# പി അനൂപ്



1974-ൽ ജനനം. പിതാവ് പരമേശ്വരൻ. മാതാവ് രമണി. മണക്കാട് ഗവ എൽ. പി. സ്കൂൾ, എൻ. എസ്. എസ്. ഹൈസ്കൂൾ, തൊടുപുഴ ന്യൂമാൻ കോളജ്, കാക്കനാട് കേരള പ്രസ് അക്കാദമി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1996 മുതൽ മാധ്യമപ്രവർത്തകൻ. ഐക്യകേരളത്തെ ഉലച്ച സംഭവങ്ങളുടേയും വിവാദങ്ങളുടേയും പുസ്തകം ഡിസി ബുക്സ് 2017-ൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ സായാഹ്നയിലൂടെ വീണ്ടും വെളിച്ചം കാണുന്നു. ‘ശയ്യാതല സഞ്ചാരിനീ’ എന്ന നോവലും സായാഹ്ന പ്രസിദ്ധീകരിച്ചു. ‘ഫൈവ് മില്യൺ എപിക്സ്’ എന്ന ഇംഗ്ളീഷ് നോവൽ വൈറ്റ് ഫാൽകൺ പബ്ളിഷേഴ്സ് ആണ് പുറത്തിറക്കിയതു്. ജംഗിൾ ബുക്കും ടാർസൺ കഥകളും മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.